**31.10.2023**

# KGBEU OU ബുള്ളറ്റിൻ 142 /2023

സഖാക്കളെ,

## വിഷയം: പുതിയ RO ഉദ്ഘാടനം

നാളെ പുതുതായി രണ്ട് റീജിയണൽ ഓഫീസുകൾ ആരംഭിക്കുകയാണ്. ആ വിവരം പുറത്ത് നിന്നുമാണ് സംഘടനയ്ക്ക് അറിയാൻ കഴിഞ്ഞത്. ജീവനക്കാരെയും ബാങ്കിനെയും ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ പലതും ജീവനക്കാരെ അറിയിക്കുന്നതിൽ വലിയ അലംഭാവമാണ് മാനേജ്മെന്റ് കാണിച്ചു കൊണ്ടിരിക്കുന്നത്. നാളെ നടക്കാനിരിക്കുന്ന RO ഉദ്ഘാടനം പോലും അംഗീകൃത സംഘടനയെ അറിയിക്കാത്തത് ജീവനക്കാരോടുള്ള വെല്ലുവിളിയായി മാത്രമേ കാണാനാവൂ. നേരത്തെ, മലബാറിന് പുറത്ത് ബാങ്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ ബാങ്കിന്റെ ബ്രാഞ്ച് ഉദ്ഘാടനം നടന്ന സന്ദർഭത്തിൽ സംഘടനയുടെ ചെലവിൽ ന്യൂസ് പേപ്പർ സപ്ലിമെന്റ് ഇറക്കിയ മഹത്തായ പാരമ്പര്യമാണ് നമുക്കുള്ളത്. ഉദ്ഘാടനം നടന്ന അതേ വേദിയിൽ സംഘടനയുടെ നേതൃത്വത്തിൽ സെമിനാറും നടന്നു എന്നത് ഇന്നത്തെ ഭരണാധികാരികൾ ഓർക്കേതുണ്ട്. ആ ബന്ധമാണ് കഴിഞ്ഞ കുറച്ചു നാളുകളായി കളഞ്ഞു കുളിക്കുന്നത്. അതുകൊുതന്നെ ആഘോഷിക്കാൻ വക നൽകുന്ന ഒന്നും ഈ സന്ദർഭത്തിൽ നമുക്ക് കാണാനാവുന്നില്ല. ഈ പശ്ചാത്തലത്തിൽ ശാഖകളിലെ മിഠായി വിതരണം ഉൾപ്പെടെയുള്ള പരിപാടികൾ ബഹിഷ്ക്കരിച്ച് മാനേജ്മെന്റ് നിലപാടുകളോടുള്ള പ്രതിഷേധം രേഖപ്പെടുത്തണമെന്ന ആവശ്യം പല കോണുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ഈ വൈകിയ വേളയിൽ നാം അതിനു മുതിരുന്നില്ല. എങ്കിലും മാനേജ്മെന്റ് നടത്തിക്കൊിരിക്കുന്ന തൊഴിലാളി വിരുദ്ധമായ ഈ നടപടിയിന്മേൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)